# ACCADAMIC MASTER PLAN

## 2025-26

## ALPS VAZHAYOOR

# ആമുഖം

പൊതുവിദ്യാദ്യാസ ഗുണമേൻമകൊണ്ട് ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻറെ ഭാഗമായാണ് അകാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ഒരുവിദ്യാലയത്തിൻറെ അക്കാദമിക നിലവാരം ഉയർത്തുക എന്നതാണ് ഏതൊരു വിദ്യാഭ്യാസപദ്ധതിയുടെയും ലക്ഷ്യം. ആ വിദ്യാലയത്തിലെ ഓരോകുട്ടിയും അവനവൻറെ കഴിവിനും അഭിരുചിക്കും അനുയോജ്യമായ പരമാവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നതിന് സഹയകരമായ പ്രവർത്തനങ്ങൾ ഉൾക്കൊണ്ടതാണ് ഈ മാസ്റ്റർ പ്ലാൻ.

എല്ലാപദ്ധതികളേയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന വാഴയൂർ ALP സ്കൂൾ സജീവമായ PTA, MTA അധ്യാപക സംഘം, മാനേജ്മെൻറ്, രക്ഷിതാക്കൾ പൊതു സമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയാറാക്കിയിരിക്കുന്നത് . ഈ അക്കാദമിക വർഷത്തിൽ കുട്ടികളുടെ പഠനമികവുകൾ ഉൾപ്പെടുത്തി ഒരു മാസിക തയ്യാറാക്കുന്നതാണ്.

ഗുണമേൻമാ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന ഈ മാസ്റ്റർ പ്ലാൻ അതിന്റെ ഉദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടുകൂടി അഭിമാനപൂർവം സമർപ്പിക്കുന്നു.

## ചരിത്രവഴികളിലൂടെ

അറിവിന്റെയും തിരിച്ചറിവിന്റെയും അക്ഷരലോകത്തേക്ക് ഒരു ജനസമൂഹത്തെ വിജ്ഞാനവീഥിയിലൂടെ കൈപിടിച്ചുനടന്ന പൊതുവിദ്യാലയമാണ് വാഴയൂർ എ.എൽ.പി സ്കൂൾ എല്ലാവർക്കും വിദ്യ അഭ്യസിക്കാനുള്ള സാമൂഹ്യപശ്ചാത്തലം ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ വിദ്യയുടെ കൈത്തിരിയുമാ യാണ് വാഴയൂർഎ.എൽ.പി.സ്കൂൾ ജനകീയവിദ്യാഭ്യാസത്തിൻ്റെ അടിത്തറ പാകിയത്. അക്കാലത്ത് നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥയിൽ പാർശ്വവൽക്കരിക്കപെട്ടിരുന്ന വലിയൊരു വിഭാഗം ആളുകൾക്ക് പ്രത്യാശയുടെയും പ്രതീക്ഷയുടെയും കെടാവിള ക്കായി ഈ സ്ഥാപനം നിലകൊള്ളുന്നു.

അനുകരണീയമായ പൗരബോധവും സാമൂഹ്യപ്രതിബദ്ധതയും മാനവീകതയും എല്ലാം ഉണ്ടായിരുന്ന പെരിങ്ങാവിലെ പരേതനായ ഇ. കെ മാധവനായിരുന്നു വാഴയൂരിൻ്റെ സാമൂഹ്യ സാസ്കാരിക വിദ്യാഭ്യാസമേഖലയിൽ മാറ്റങ്ങൾ ക്ക് തുടക്കം കുറിച്ച ഈ സ്ഥാപനത്തിൻ്റെ മാനേജർ. 1941 ൽ ഏകാധ്യാപക വിദ്യാലയ മായാണ് സ്ക്കൂളിൻ്റെ പ്രവർത്തനം ആരംഭിക്കുന്നത്. അക്ഷരലോകത്തിലേക്ക് ആദ്യാക്ഷരം കുറിക്കാനായി ഒന്നാം ക്ലാസിലേക്ക് ആദ്യമായി കടന്ന് വന്നത് വാഴയൂരിലെ ചോയിക്കുട്ടിയാണ്.എന്നാൽ സ്കൂളിലെ പ്രഥമ വിദ്യാർത്ഥിയായി പ്രവേശനം നേടിയത് പരേതനായ ഇമ്പിച്ചുവിൻ്റെ മകൻ ശ്രീ ഗോവിന്ദൻ മുരിങ്ങാട്ടായിരുന്നു. 103 കുട്ടികളും 7 സെന്റ് സ്ഥലവുമായാണ് 1 മുതൽ 5വരെയുള്ള സ്കൂളിൻ്റെ പ്രവർത്തനം ആരംഭിക്കുന്നത്. 78 വർഷം പിന്നിടുമ്പോൾ ഈ സ്ഥാപനത്തിൻ്റെ കൈമുതൽ പൂർവ്വവിദ്യാർത്ഥികളാണ്.

ഇന്ന് 57 സെന്റ് സ്ഥലവും 296 വിദ്യാർത്ഥികളും 13 അദ്ധ്യാപകരും ഇവിടെയുണ്ട് . പ്രീ-പ്രൈമറി വിഭാഗം ഈ വിദ്യാലയത്തെ കൂടുതൽ ആകർഷകമാക്കുന്നു. ഇ.കെ കരുണാകരൻ മാസ്റ്റർ,ഒ.കെ മുഹമ്മദ് മാസ്റ്റർ എന്നിവർ ആദ്യകാല പ്രഥമാധ്യാ പകരായിരുന്നു. തുടർന്ന് കുട്ടൻ മാസ്റ്റർ,ജനാർദ്ദനൻ മാസ്റ്റർ,അച്യുതൻ മാസ്റ്റർ,നാരാ യണൻ മാസ്റ്റർ, നിർമ്മല ടീച്ചർ, ഖദീജക്കുട്ടി ടീച്ചർ രവീന്ദ്രൻ മാസ്റ്റർ

എന്നിവരും പ്രഥമാധ്യാപകരായി. ഇവരെല്ലാം സ്കുളിന്റെ യശസ്സും സൽപ്പേരും ഉയർത്തുന്നതിൽ നിർണായക പങ്കുവഹിച്ചിരുന്നു. ഇ.കെ വിശ്വനാഥൻ മാസ്റ്റർ, ഇ.കെ വാസുദേവൻ മാസ്റ്റർ,എൻ കമലാക്ഷി, ഗോപാലകൃഷ്ണൻ മാസ്റ്റർ,ഗൗരി ടീച്ചർ തുടങ്ങിയ യശശ്ശരീരയായ അദ്ധ്യാപകരുടെ നിസ്സ്വാർത്ഥമായ സേവനവും പങ്കും ഈ അവസരത്തിൽ ഓർക്കുകയാണ്

കുഞ്ഞൻമാസ്റ്റർ, സരോജിനി ടീച്ചർ,കോമളവല്ലി ടീച്ചർ,സുഗതൻ മാസ്റ്റർ, ബഷീർ മാസ്റ്റർ, അറബി മുൻഷിയായ ശ്രീ അലവി,ചന്ദ്രകുമാരി ടീച്ചർ, ശ്യാമള ടീച്ചർ,ഉഷ ടീച്ചർ,സുനിൽ മാസ്റ്റർ. ചന്ദ്രൻ മാസ്റ്റർ,ഗഫൂർ മാസ്റ്റർ, ഹസൈനാർ മാസ്റ്റർ, എന്നിവരും ഈ സ്ഥാപനത്തിന്റെ ഉയർച്ചയിലും വളർച്ചയിലും പങ്കുവഹിച്ചവരാണ്. 1957 മുതൽ ശ്രീമതി പി.വി ശാന്തകുമാരി ഈ വിദ്യാലയത്തിൻ്റെ മാനേജർ ആയി തുടർന്ന് വരുന്നു.

പരിമിതമായ ഭൗതികസാഹചര്യങ്ങളിലായിരുന്നു ആദ്യകാലങ്ങളിൽ സ്കൂൾ പ്രവർത്തിച്ചുവന്നിരുന്നത്. പരിമിതികളിലും പരാധീനതകളിലും വാഴയൂരിൻ്റെ മുഴുവൻ ആളുകളുടെയും പിന്തുണയും സഹകരണവും ലഭിച്ചിരുന്നതുകൊണ്ടാണ് സ്ഥാപനം നിലനിർത്തിപോരാനായത്.ഇന്ന് സ്കൂളിൻ്റെ ഭൗതികാന്തരീക്ഷം ഏറെ മുന്നോട്ട് പോയിട്ടുണ്ട്. നല്ല കെട്ടിടവും ടോയ്‌ലറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിൽ മാനേജ്മെന്റ് നല്ല ശ്രദ്ധചെലുത്തിവരുന്നുണ്ട്. കുട്ടികൾക്ക് കളിക്കുവാനുള്ള കളിസ്ഥലവും മെച്ചപ്പെട്ട രീതിയിൽ ആക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്.മാനേജ് മെന്റ്, പി.ടി.എ സഹകരണത്തോടെ ആകർഷകമായ സ്മാർട്ട് റൂം ഒരുക്കുവാനും നമുക്കായിട്ടുണ്ട്.

നല്ല പഠനാനുഭവങ്ങൾ ഒരുക്കി ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്ന മികവിന്റെറെ കേന്ദ്രമായി നമ്മുടെ വിദ്യാലയം അതിവേഗം മാറികൊണ്ടിരിക്കു കയാണ്. കലാ-കായിക ശാസ്ത്രമേളകളിലും പരീക്ഷയിലും, പരീക്ഷയിലും നമ്മുടെ കുട്ടികൾ നേടിയ തിളക്കമാർന്ന വിജയം ഇതിനുദാഹരണമാണ്. സ്നേഹവും പരിഗണ നയും സ്വയം പ്രകാശത്തിനുമുള്ള അവസരങ്ങളും അംഗീകാരവും എല്ലാ കുട്ടി കൾക്കും ലഭിക്കുന്ന ഇടമായി നമ്മുടെ വിദ്യാലയത്തെ മാറ്റുവാൻ നമുക്ക് കഴിയണം. ഇത്തരം ഒരു പൊതു അന്തരീക്ഷത്തിൽ മാത്രമേ നമ്മുടെ കുട്ടികൾക്ക് ഏറ്റവും മികച്ച രീതിയിൽ അറിവിൻ്റെ നിർമ്മിതി നടത്തുവാൻ കഴിയൂ. ഇതിനായി നമുക്ക് കൂട്ടായി പ്രവർത്തിക്കാം

# പൊതുലക്ഷ്യങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക
- 1 മുതൽ 5 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, അറബിക് ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
- ലിംഗപദവിയും അവസരത്തുല്യതയും സംബന്ധിച്ച കാഴച്ചപ്പാട് വികസിപിക്കാനുതകുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ദിനാചരണങ്ങൾ യാന്ത്രികമാക്കാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയിത് നടപ്പാക്കുക.
- പഠനത്തെ പരിസര ബന്ധിയും ജീവിതഗന്ധിയും ആക്കുന്നതിൻറെ ഭാഗമായി ജൈവവൈവിധ്യ - പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പാരിസ്ഥിതികാവബോധം,മാലിന്യനിർമാർജനാവബോധം, ശസ്ത്രാവബോധം, സാമൂഹികാവബോധം എനിവ വികസിപ്പിക്കുന്നതിനാവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യുക.
- മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക പരിപോഷിപ്പിക്കുക.
- hightech വിദ്യാലയം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- വിദ്യാലയമികവ് പൊതുജനങ്ങളിൽ എത്തിക്കുക.

# അക്കാദമിക, ഭൗതിക നേട്ടങ്ങൾ

- അക്കാമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികച്ച അധ്യാപക സമൂഹം
- ശിശു സൗഹൃദമായ അടച്ചുറപ്പുള്ള ഇരുനില കെട്ടിടം
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആനുപാതികമായ ശുചിമുറികൾ
- വിശാലമായ കളിസ്ഥലത്തിനടുത്തായി ഗ്യാസ് കണക്ഷനോട് കൂടിയ കളിസ്ഥലം
- മികച്ച ലൈബ്രറി
- കമ്പ്യൂട്ടർ പഠനസൗകര്യം
- കലാ,കായിക,പ്രവർത്തിപരിചയം എന്നിവയിൽ പ്രത്യേക പരിശീലനം
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ ടീച്ചർ സൗകര്യം
- പ്ലാസ്റ്റിക് വിമുക്ത സ്കൂൾ
- പ്ലാസ്റ്റിക് വിമുക്ത പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ എ പ്ലസ് ഗ്രേഡ് കളക്ടറിൽ നിന്നും അംഗീകാരം

# പരിമിതികൾ

- കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനത്തിൽ സ്വതന്ത്രമായ ഇടപെടാനുള്ള സൗകര്യം ഉണ്ടെങ്കിലും ഒരു ഹൈടെക് ക്ലാസ് മുറി എന്ന നിലയിലേക്ക് ഉയരാൻ ൻ വിദ്യാലയത്തിനായില്ല
- കുട്ടികൾക്ക് അനുപാതിക കമ്പ്യൂട്ടറുകളുടെ എണ്ണത്തിലും കുറവുണ്ട്

- ലൈബ്രറി സൗകര്യ ഉണ്ടെങ്കിലും കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ബാല സാഹിത്യങ്ങളുടെ ലഭ്യത കുറവുമുണ്ട്
- 20% ത്തോളം കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ മെച്ചപ്പെടുത്തേണ്ടതുണ്ട്
- കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ സ്റ്റേജ് സൗകര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്
- സ്വതന്ത്രമായ യാത്ര സൗകര്യം ലഭ്യമാണെങ്കിലും ഈ സ്കൂളിന് സ്വന്തമായ രീതിയിൽ വാഹന സൗകര്യം ആവശ്യമാണ്

## ഭാഷാ വികാസം

# ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ രിതിയിലുള്ള ആശയവിനിമയ അനുയോജ്യമായ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
- മികച്ച വായനാശീലം വളർത്തുക
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കാൻ ഉള്ള കഴിവ് വളർത്തുക
- സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനക്കുള്ള അവസരം നൽക്കുക.

- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജന പ്പെടുത്തുക.

# പ്രവർത്തനങ്ങൾ

- പത്രവായനയും വിശകലനവും - പ്രതിദിനം ക്ലാസുകളിൽ ഗ്രൂപ്പായി പത്രവായന നടത്തുക. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരം ഒരുക്കുക. ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ (ആഴ്ചയിൽ ഒരു പുസ്തകം) കുട്ടികളെ പ്രോത്സാഹിപ്പിക്കുക
- വായനാചരണം-പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുക.ക്ലാസ് ലൈബ്രറി വിപുലീകരിക്കുക.
- സ്കൂൾ ആകാശവാണി ( വാർത്തകൾ, സർഗ്ഗ പരിപാടികൾ, പ്രഭാഷണങ്ങൾ എന്നിവ അവതരിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു.)

- ക്ലാസ് തലത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വിജയത്തിളക്കം പദ്ധതി നടപ്പിലാക്കുന്നു
- കുട്ടികളെ ഉൾപ്പെടുത്തി ഡോക്യുമെൻററി ഷോർട്ട് ഫിലിം എന്നിവ നിർമ്മിക്കുന്നു
- മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക

## ENGLISH

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
- സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക
- സാങ്കേതിക വിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിൽ ഉൾപ്പെടുത്തുക

## പ്രവർത്തനങ്ങൾ

- ദൈനംദിന ക്ലാസുകളും സംഭാഷണം ഗ്രൂപ്പ് ചർച്ച എന്നിവയിൽ ഇംഗ്ലീഷ് സംസാരിക്കുക.
- Spoken Englishക്ലാസുകൾ നടപ്പിലാക്കുക
- ഇംഗ്ലീഷ് ബാലസഭകൾ
- English news reading
- Reading card making
- Word meaning board
- Making English blogs
- Making a magazine in a class

# ഗണിതം

## ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കൽ
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തൽ
- ഗണിതശേഷി നേടിയെന്ന് ഉറപ്പാക്കുക
- സംഖ്യാ ബോധം ഉറപ്പിക്കൽ

# പ്രവർത്തനങ്ങൾ

- ഓരോ ക്ലാസിലും ഒരു ഗണിത പെട്ടി (ഒരു വർഷത്തെ പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായസാമഗ്രികൾഒരുക്കുന്നു)
- ഗണിത കൗതുകങ്ങൾ
- ഗണിത ക്ലബ് പ്രവർത്തനങ്ങൾ
- ക്ലാസിൽ ഒരു ഗണിത മേഗസിൻ (ചിത്രങ്ങൾപസിലുകൾ )
- ഗണിത ലാബ്

# ശാസ്ത്ര, സാമൂഹ്യശാസ്ത്രപഠനം

## ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനത്തിൽ താല്പര്യംവളർത്തുക
- ശത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
- ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
- ശാസ്ത്ര ലാബ് സജ്ജമാക്കുക
- ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുക
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുക
- സമൂഹത്തിൻറെ മുന്നോട്ടുള്ള പോക്കിൽതൻറെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക

## പ്രവർത്തനങ്ങൾ

- സ്കൂൾതല ശാസ്ത്രമേള
- ശാസ്ത്ര പരീക്ഷണങ്ങൾ ക്ലാസുകൾക്ക് അനുസരിച്ച് പരിചയപ്പെടുത്തുക
- പ്രകൃതി യാത്രകൾ സംഘടിപ്പിക്കുക
- ശാസ്ത്ര ക്ലാസുകൾ
- ശാസ്ത്ര ലാബ് ഒരുക്കൽ
- ജൈവം പദ്ധതി
- കൈത്താങ്ങ് പദ്ധതി
- ജനാധിപത്യവേദി ശക്തിപ്പെടുത്തൽ ,ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പ്
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ

# കലാ,കായിക, പ്രവൃത്തി പരിചയം

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാദിരുചി വളർത്തുക
- വ്യായാമം കളികൾ എന്നിവയിലൂടെ കായികാരോഗമത ഉറപ്പാക്കുക
- മികച്ച ആരോഗ്യ ശീലം ഉറപ്പാക്കുക
- സ്കൂളിനെ മാലിന്യമുക്തമാക്കുക

# പ്രവർത്തനങ്ങൾ

- കലാകായികമേളകൾ
- To Be ....പരിശീലനം (സംഗീതം, ചിത്രരചന, കരാട്ടെ, അബാക്കസ്)
- ആരോഗ്യപ്രവർത്തകരുടെ ക്ലാസുകൾ
- ഹെൽത്ത് ചെക്കപ്പ്
- ദിവസേന വ്യായാമം
- ബാലസഭകൾ
- സർഗ്ഗവേളകൾ
- ശുചിത്വ സേന പ്രവർത്തനം
- സഹവാസ ക്യാമ്പ്

# അറബി ഭാഷ

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും അറബിയിൽ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
- അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ രീതിയിലുള്ള ആശയവിനിമയ ശേഷി നേടിയെന്ന് ഉറപ്പുവരുത്തുക

## പ്രവർത്തനങ്ങൾ

- ഒരു ദിനം ഒരു അറിവ്
- അറബിക് ന്യൂസ് റീഡിങ്
- അറബിക് മാഗസിൻ
- അലിഫ് അറബിക് ക്ലബ്
- കാലിഗ്രാഫി പരിശീലനം
- ലൈബ്രറി ബുക്കുകളുടെ ലഭ്യത
- അറബിക് ബാലസഭ
- അറബിക് കോർണർ

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ളപരിശീലന പരിപാടി

## ലക്ഷ്യങ്ങൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക

## പ്രവർത്തനങ്ങൾ

- റിസോഴ്സ് അധ്യാപിക
- മെഡിക്കൽ പരിശോധനകൾ